G2/44532/2019/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം

തീയതി: 16.12.2019

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ചീഫ് മിനിസ്റ്റേഴ്സ് - സ്റ്റുഡൻസ് ലീഡേഴ്സ് കോൺക്ലേവ് - രണ്ടാം ഘട്ടം - യോഗം ചേരുന്നത് സംബന്ധിച്ച്.

സൂചന :- 1.ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിന്റെ 28/11/2019 തീയതിയില ബി1/406/2019 നമ്പർ കത്ത്
2.ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ

*********

സംസ്ഥാനത്തിന്റെ വികസന നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ **ചീഫ് മിനിസ്റ്റേഴ്സ് - സ്റ്റുഡന്റ് ലീഡേഴ്സ് കോൺക്ലേവ്** എന്ന പരിപാടിയിലൂടെ ബഹു: കേരള മുഖ്യമന്ത്രി യൂണിയൻ പ്രതിനിധികളുമായി ആശയ വിനിമയം നടത്തുന്നു. ആയതിന്റെ ഒന്നാം ഘട്ടം 2019 ഡിസംബർ 10 ന് തിരുവനന്തപുരം ജിമ്മിജോർജ്ജ് സ്റ്റേഡിയത്തിൽ വച്ച് നടന്നു . **രണ്ടാം ഘട്ടം 2020 ജനുവരി 6 ന് കോഴിക്കോട്, ഫാറൂക്ക് കോളേജിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.**

രണ്ടാം ഘട്ടത്തിൽ നടക്കുന്ന കോൺക്ലേവിൽ **കണ്ണൂർ , കോഴിക്കോട് , കാർഷിക, വെറ്റിനറി, മലയാളം, സംസ്കൃത, കേരള കലാമണ്ഡലം സർവ്വകലാശാലകളിലെ** യൂണിയൻ പ്രതിനിധികളും അവയുടെ കീഴിൽ വരുന്ന എല്ലാ അഫിലിയേറ്റഡ് കോളേജുകളിലേയും യൂണിയൻ ചെയർമാൻ, ജനറൽ സെക്രട്ടറി എന്നിവരുമാണ് പങ്കെടുക്കേണ്ടത്.

ടി പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള യൂണിയൻ ഭാരവാഹികൾ; ആയതിനുള്ള അപേക്ഷ ഓൺലൈനായി നൽകേണ്ടതാണ്. പ്രസ്തുത കോൺക്ലേവിന്റെ പ്രതിനിധികളുടെ ഓൺലൈൻ രജിസ്ട്രേഷൻ 16.12.2019 മുതൽ 25/12/2019 വരെ ആയിരിക്കും. ആയത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ **http://www.collegiateedu.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ വെബ്സൈറ്റിൽ നിന്ന് അപേക്ഷ ഫോറം ഡൗൺലോഡ് ചെയ്തു പൂരിപ്പിച്ച് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം സഹിതം leadersconclaveclt@gmail.com എന്ന മെയിലിലേക്ക് 25.12.2019 വൈകിട്ട് 5 മണിക്ക് മുൻപായി അയച്ചു തരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04712303107, 9495999731, 9744167765, 7907170233, 8301975965, 7907401327 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ടി വിവരം സ്വാശ്രയ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ പ്രൈവറ്റ് കോളേജുകളെയും അറിയിക്കുന്നതിന് കോഴിക്കോട്, തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർമാരെയും , സർക്കാർ കോളേജുകളിലെ പ്രതിനിധികളെ അറിയിക്കുന്നതിനായി അതാത് കോളേജ് പ്രിൻസിപ്പൽമാരെയും ചുമതലപ്പെടുത്തുന്നു.

ബഹു: മുഖ്യമന്ത്രി പങ്കെടുക്കുന്ന പ്രസ്തുത പരിപാടി വിജയിപ്പിക്കുന്നതിന് എല്ലാവരുടെയും പൂർണ്ണ സഹകരണം ഉണ്ടാകേണ്ടതാണ്.

# Approval Valid

Digitally Approved By
ഡോ.സുമ കെ.കെ
Date: 16.12.2019

ഒപ്പ്/-
**ഡോ.സുമ കെ.കെ**
അഡിഷണൽ ഡയറക്ടർ

Reason: Approved

പകർപ്പ്:-

1.തൃശ്ശൂർ , കോഴിക്കോട് മേഖല ഡെപ്യൂട്ടി ഡയറക്ടർമാർക്ക് മാർക്ക്

2.സർക്കാർ കോളേജ് പ്രിൻസിപ്പൽമാർക്ക്